# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1206 31.10.2019 –ൽ മറുപടിക്ക്**

**<u>മഴവഞ്ചേരി-ച്ചുണ്ടൽ റോഡിന്റെ വികസനം</u>**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.മുരളി പെരുനെല്ലി :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) തൃശ്ശൂർ-കുറ്റിപ്പുറം പാതയിൽ മഴവഞ്ചേരി മുതൽ ച്ചുണ്ടൽ വരെയുള്ള റോഡിന്റെ വികസനത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തി പ്രാവർത്തികമാക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;<br><br>(ബി) പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി സർക്കാരിന്റെയോ കിഫ്ബിയുടെയോ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശം നൽകുമോ; | (എ) & (ബി) തൃശ്ശൂർ-കുറ്റിപ്പുറം റോഡിന്റെ മലപ്പുറം ജില്ലയിലെ ഭാഗം ഉൾപ്പെടുത്തിയും, തൃശ്ശൂർ ജില്ലയിലെ ഭാഗം ഉൾപ്പെടുത്തിയും വെവ്വേറെ ഡി.പി.ആർ. സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ തൃശ്ശൂർ കുറ്റിപ്പുറം റോഡിലെ മലപ്പുറം ജില്ലയിലെ പൊന്നാനി, തവനൂർ മണ്ഡലങ്ങൾ ഉൾപ്പെടെ 29.88 കി.മീ. ദൂരം റീബിൽഡ് കേരളയുടെ മുൻഗണനാക്രമത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ തൃശ്ശൂർ ജില്ലയിലെ മാത്രം ഭാഗം ഉൾപ്പെടുത്തി ഡിപിആർ കിഫ്ബിയിലേക്ക് അംഗീകാരത്തിനായി സമർപ്പിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) പ്രസ്തുത റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത പഠനം നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഏജൻസിയെയാണ് ഇതിന് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ; | (സി) ഇല്ല. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത റോഡിൽ കേചേരി, ചൂണ്ടൽ എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ? | (ഡി) | പ്രസ്തുത റോഡ് പ്രവൃത്തിയിൽ കേച്ചേരി, ചൂണ്ടൽ എന്നിവിടങ്ങളിൽ പാലങ്ങളുടെ നിർമ്മാണം ഉൾപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ